## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2176** **06/10/2016 ൽ മറുപടി**

**<u>ഹൈടെക് സ്കൂളുകൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരത്തിൽ സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയമാനം നൽകാൻ ഉദ്ദേശിക്കുന്നു. സ്കൂളുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ചുവരുന്നു. എന്നിരുന്നാലും കുട്ടികൾ കൂടുതലുള്ളതും ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളും നിലവിലുള്ളതുമായ സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. |
| (ബി) | പ്രസ്തുത പദ്ധതിക്കായി സ്കൂളുകളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്. നിയോജകമണ്ഡലം അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ട നിയമസഭാ സാമാജികരുടെ ശിപാർശ പരിഗണിച്ചാണോയെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ. യുടെ ശിപാർശ കൂടി പരിഗണിച്ചശേഷമായിരിക്കും. |
| (സി) | ഏറനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ ഒരു നിയോജകമണ്ഡലത്തിലേയും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ